©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ഡിസംബർ 11<br>11th December 2018<br>1194 വൃശ്ചികം 25<br>25th Vrischikam 1194<br>1940 അഗ്രഹായനം 20<br>20th Agrahayana 1940 | നമ്പർ<br>No. | 49 |

# PART III

# Police Department

ലേലപ്പരസ്യം

നമ്പർ ഇ1(എ)-53196/2018/റ്റി. 2018 നവംബർ 14.

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ തിരുവനന്തപുരം റൂറൽ എ. ആർ. ക്യാമ്പ് കോമ്പൗണ്ടിൽ നിൽക്കുന്ന ഉണങ്ങിയതും കേടുപാടുകൾ ബാധിച്ചതുമായ 3 പ്ലാവ് മരങ്ങൾ 15-12-2018-ാം തീയതി 11 മണിക്ക് പരസ്യമായി ലേലം ചെയ്തു കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ടി ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലദിവസം കൃത്യസമയത്ത് നേരിട്ട് ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് നിശ്ചിത നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽമാർഗ്ഗമോ 14-12-2018-ാം തീയതി 4 മണിക്ക് മുൻപായി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ കിട്ടുന്നവിധം നൽകാവുന്നതാണ്. ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ജില്ലാ പോലീസ് മേധാവി തിരുവനന്തപുരം റൂറലിന്റെ പേരിൽ മാറാവുന്ന നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ ലേലത്തിനുശേഷം പങ്കെടുക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും യുക്തമെന്ന് തോന്നുന്നപക്ഷം ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിന് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

ഏകദേശ അടങ്കൽ തുക—` 26,625.

നിരതദ്രവ്യം—` 3,000.

ഇപ്രകാരം ലേലം ഉറപ്പിച്ചു കിട്ടുന്നവർ ലേലം/ദർഘാസ് തുകയുടെ പകുതി (നിശ്ചിത നിരതദ്രവ്യം ഒഴികെ) ലേല സ്ഥലത്ത് വച്ചുതന്നെ അടയ്ക്കേണ്ടതും ബാക്കി തുകയും ലേലത്തുകയുടെ 5% വനവികസന നികുതിയും അപ്രകാരമുള്ള ആകെ തുകയുടെ 18% ജി.എസ്.റ്റി.യും ലേലം ഉറപ്പിച്ചു കൊണ്ടുള്ള ഉത്തരവ് ലഭിച്ചാലുടൻ തന്നെ അടയ്ക്കേണ്ടതുമാണ്. വനവികസന നികുതി "0406-01-101-96-00-FDT " എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 2/1001 ആയി ചെലാൻ വഴി ഒടുക്കേണ്ടതും മരങ്ങൾ സ്വന്തം ചെലവിൽ മുറിച്ച് മാറ്റേണ്ടതുമാണ്.

പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ നിലകൊള്ളുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും പുനർ ലേലം നടത്തുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽനിന്നും ഈടാക്കുന്നതിനും മുൻ തുകയേക്കാൾ കൂടുതൽ തുക കിട്ടിയാൽ ആയതിന്മേൽ ടിയാന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. ലേലം കഴിഞ്ഞാലുടൻ ലേലത്തിൽ പങ്കെടുത്തവരുടെ നിരതദ്രവ്യം ലേലം കൊണ്ടയാളുടെ ഒഴികെ തിരിച്ചു നൽകുന്നതാണ്. മേൽപറഞ്ഞ മരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ എ. സി. എ. ആർ.-ന്റെ അനുവാദത്തോടെ രാവിലെ 10-നും 5-നും ഇടയ്ക്ക് പരിശോധിക്കാവുന്നതാണ്.

യാതൊരു മുന്നറിയിപ്പും കൂടാതെ ഈ ലേലം റദ്ദാക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

ജില്ലാ പോലീസ് ഓഫീസ്,
തിരുവനന്തപുരം റൂറൽ. **പി. അശോക് കുമാർ, ഐപിഎസ്,**
sptvmrl.pol@kerala.gov.in ജില്ലാ പോലീസ് മേധാവി.

---

ലേലപ്പരസ്യം

നമ്പർ ജി2-32720/2018/എം. 2018 നവംബർ 26.

എം. എസ്. പി.യുടെ മലപ്പുറം, മേൽമുറി, നിലമ്പൂർ, അരീക്കോട് ക്യാമ്പുകളിലെ ഫലവൃക്ഷങ്ങളിൽ നിന്നും ലഭ്യമാകുന്ന അനുഭവയോഗ്യമായ കായ്ഫലങ്ങൾ 2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ എടുക്കുന്നതിനുള്ള ലേലം ചുവടെ ചേർത്ത പട്ടിക പ്രകാരമുള്ള സ്ഥലത്തും തീയതികളിലും പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്.

പട്ടിക

| ക്യാമ്പ് | ലേലസ്ഥലം | ലേലത്തീയതി | അടയ്ക്കേണ്ടതായ നിരതദ്രവ്യം | ഫലവൃക്ഷങ്ങളുടെ വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | മാവ് | പ്ലാവ് | തെങ്ങ് | കശുമാവ് | പുളി | നെല്ലി | കടപ്ലാവ് |
| മലപ്പുറം | മലപ്പുറം ക്യാമ്പ് | 24-12-2018, 11 മണി | ₹ 1,000 | 37 | 35 | 56 | 04 | 18 | .. | .. |
| അരീക്കോട് | അരീക്കോട് ക്യാമ്പ് | 27-12-2018, 11 മണി | ₹ 2,000 | 20 | 25 | 15 | 332 | 6 | 1 | .. |
| മേൽമുറി | മേൽമുറി ക്യാമ്പ് | 3-1-2019, 11 മണി | ₹ 1,000 | 5 | 2 | 12 | 23 | 4 | 1 | 1 |
| നിലമ്പൂർ | നിലമ്പൂർ ക്യാമ്പ് | 8-1-2019, 11 മണി | ₹ 800 | 13 | 24 | 21 | 2 | 2 | 4 | .. |

പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായി മുകളിൽ കാണിച്ച പ്രകാരമുള്ള തുക ലേല ദിവസം രാവിലെ 11 മണിക്ക് മുമ്പായി ലേല സ്ഥലത്ത് അടച്ചു രസീത് വാങ്ങേണ്ടതാണ്. കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന വ്യക്തിക്ക് ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതും ടിയാൻ നിരതദ്രവ്യം ഒഴിച്ചുള്ള ബാക്കി തുക ബറ്റാലിയൻ കാഷ്യർ വശം അടയ്ക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുത്ത ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞ ഉടനെ തിരികെ നൽകുന്നതാണ്. ലേലം കൊണ്ട വ്യക്തി മേൽ പ്രസ്താവിച്ച ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം ലേലം അസ്ഥിരപ്പെടുത്തുന്നതും പുനർ ലേലം ചെയ്യുന്നതുമായിരിക്കും. ആയതിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആദ്യം ലേലം കൊണ്ട വ്യക്തിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതായിരിക്കും. ലേല ദിവസത്തിന് മുമ്പുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ വൈകിട്ട് 4 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെട്ട ക്യാമ്പിലെ ഓഫീസറുടെ സാന്നിധ്യത്തിൽ ഫലവൃക്ഷങ്ങൾ പരിശോധിക്കാവുന്നതാണ്. പരിശോധനയ്ക്ക് വരുന്നവരും ലേലത്തിൽ പങ്കെടുക്കുന്നവരും സ്വന്തം തിരിച്ചറിയൽ രേഖ കൈവശം സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കേണ്ടതുമാണ്. യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം എം. എസ്. പി. കമാണ്ടന്റിൽ നിക്ഷിപ്തമായിരിക്കും.

മലബാർ സ്പെഷ്യൽ പോലീസ്, **അബ്ദുൾ കരീം, യു., ഐ പി എസ്,**
മലപ്പുറം. കമാണ്ടന്റ്.

## ലേല പരസ്യം

നമ്പർ ഇ2(b)-53692/2018/സി. 2018 നവംബർ 14.

കണ്ണൂർ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ ഉള്ളതും കണ്ണൂർ സായുധസേനാ വിഭാഗം ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ താഴെ പറയുന്ന ഡിപ്പാർട്ട്മെന്റ് വാഹനങ്ങളുടെ ഉപയോഗശൂന്യമായ വസ്തുക്കൾ 13-12-2018-ന് രാവിലെ 11 മണിക്ക് ഡിപ്പാർട്ടുമെന്റ് വാഹനങ്ങലുടെ ലേലം നടന്നതിനുശേഷം മേൽപ്പറഞ്ഞ ഓഫീസ് പരിസരത്ത്വച്ച് പുനർ പരസ്യലേലം വഴി വിൽപ്പന നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് 1 മണിക്കൂർ മുമ്പായി മേൽപ്പറഞ്ഞ വസ്തുക്കൾക്ക് നിശ്ചയിച്ചിരിക്കുന്ന നിരതദ്രവ്യമായ ` 6,000 ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

1. MT Spare Parts—91 Nos.
2. Waste Oil—1200 Ltrs.
3. Waste Oil Cans—100 Nos.
4. Tyres of Various Sizes—185 Nos.

മേൽപ്പറഞ്ഞ വസ്തുക്കളുടെ വിൽപ്പനയ്ക്ക് മുദ്രവെച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ ലേലത്തലേന്ന് 4 മണിവരെ ഡെപ്യൂട്ടി കമാണ്ടന്റിന്റെ ഓഫീസിൽ സ്വീകരിക്കുന്നതായിരിക്കും. കവറിനുമുകളിൽ "ഡിപ്പാർട്ടുമെന്റ് വക ഉപയോഗശൂന്യമായ വസ്തുക്കൾ" എന്ന് വ്യക്തമായി എഴുതേണ്ടതാണ്. ചട്ടപ്രകാരമുള്ള ദർഘാസിനോടൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽനിന്നും കണ്ണൂർ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ നിരതദ്രവ്യത്തിന് തുല്യമായ തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ലേലം കൈക്കൊണ്ടയാൾ മുഴുവൻ ലേലത്തുകയും ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും ടി വസ്തുക്കൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ സർക്കാരിന് ഉണ്ടാവുന്ന നഷ്ടം മുൻ ലേലക്കാരനിൽനിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിന് നിശ്ചയിച്ചിരിക്കുന്ന ഉപയോഗശൂന്യമായ വസ്തുക്കൾ ലേല തീയതിക്കുമുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് ഡെപ്യൂട്ടി കമാണ്ടന്റിന്റെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. യുക്തമല്ലെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തിവെയ്ക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടി ക്രമങ്ങൾ റദ്ദ് ചെയ്യുന്നതിനും കണ്ണൂർ ജില്ലാ പോലീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കും. ലേലം സംബന്ധിച്ച് കണ്ണൂർ ജില്ലാ പോലീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

District Police Office, Kannur.

G. Siva Vikram IPS,
*District Police Chief.*